പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം<br>നം. 4320 | 17.12.2014- ൽ മറുപടിക്ക് |
|---|---|

## അങ്കമാലി താലൂക്ക് ആശുപത്രിയിലെ അടിസ്ഥാനസൗകര്യങ്ങളുടെ അപര്യാപ്തത

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. ജോസ് തെറ്റയിൽ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | അങ്കമാലി സർക്കാർ ആശുപത്രിയെ 07/02/2011-ലെ സർക്കാർ ഉത്തരവ് പ്രകാരം താലൂക്ക് ആശുപത്രിയായി ഉയർത്തിയിട്ടും നാളിതുവരെ താലൂക്ക് ആശുപത്രിയായി പ്രവർത്തിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താത്തതിനുള്ള കാരണം വിശദമാക്കുമോ; | എ) | അങ്കമാലി സർക്കാർ ആശുപത്രിയിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി ഫാർമസി സ്റ്റോർ റൂം, ഒ. പി. ബ്ലോക്ക് എക്സ്റ്റൻഷൻ, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, കോൺഫറൻസ് ഹാൾ എന്നിവ നിർമ്മിക്കുന്നതിന് 60 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് 2015-16-ലെ നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| ബി) | നഗരമദ്ധ്യത്തിൽ ഒരേക്കർ സ്ഥലത്ത് സ്ഥിതി ചെയ്യുന്നതും താലൂക്ക് ആശുപത്രിയായി ഉയർത്തിയതുമായ ഈ സർക്കാർ ആശുപത്രിയിൽ താലൂക്ക് ആശുപത്രിയായി പ്രവർത്തിക്കുന്നതിനാവശ്യമായ സ്റ്റാഫുകളെ നിയമിക്കുന്നതിനും, മറ്റു സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമായി സമർപ്പിച്ചിട്ടുള്ള നിവേദനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്ന് വ്യക്തമാക്കാമോ? | ബി) | ഇതു സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ